# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2792 14-12-2015-ൽ മറുപടിയ്ക്ക്

### പട്ടികജാതി യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിൽ അവസരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി. എം.എൽ.എ | | ശ്രീ. എ.പി. അനിൽകുമാർ, (പട്ടികജാതി- പിന്നാക്കസമുദായ ക്ഷേമവും, വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35 വയസ്സിന് താഴെയുള്ള പട്ടികജാതി യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനു വേണ്ടി നടത്തിയ സോഷ്യൽ ട്രെയിനിംഗ് പ്രോഗ്രാമിനായി ഓരോ വർഷവും വകയിരുത്തിയ തുക എത്രയാണെന്നും ചെലവാക്കിയ തുകയെത്രയാണെന്നും വ്യക്തമാക്കുമോ; | എ) യും ബി) യും | 35 വയസ്സിന് താഴെയുള്ള 1120 പട്ടികജാതി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനു വേണ്ടി കമ്പ്യൂട്ടർ കോഴ്സുകളിൽ പരിശീലനം നൽകുന്നതിനായി കെൽട്രോണിന് 2011-2012 സാമ്പത്തികവർഷം 285.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് ഏജൻസികൾക്ക് തുക നൽകിയിട്ടില്ല. |
| ബി) | ഓരോ വർഷവും പരിശീലനം നൽകുന്നതിനായി ഏതെല്ലാം ഏജൻസികൾക്ക് എത്ര തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ; | | |
| സി) | പ്രസ്തുത പരിശീലനം വഴി എത്ര യുവാക്കൾക്ക് തൊഴിൽ അവസരമോ സ്ഥിരമായോ താൽക്കാലികമായോ ജോലിയോ ലഭിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | സി) | വിലയിരുത്തിയിട്ടുണ്ട്. 320 പേർക്ക് കെൽട്രോൺ പ്ലെയ്സ്മെന്റ് നൽകിയിരുന്നെങ്കിലും 100-ഓളം വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി പ്ലെയ്സ്മെന്റ് നിരസിച്ചതായും, ബാക്കിയുള്ളവർ ലഭ്യമായ അവസരങ്ങളിൽ തൃപ്തരല്ലെന്നും, കെൽട്രോൺ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ